പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 31-01-2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

76/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 243

# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

ക്രിസ്ത്യാനികളുടെ ശവം അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ക്രിസ്ത്യാനികളുടെ ശവം അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) " സെമിത്തേരി" എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ, മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും ഒരു കോൺക്രീറ്റ് അറയിൽ അല്ലെങ്കിൽ തറയിൽ എടുത്തിട്ടുള്ള കുഴിയിൽ അടക്കം ചെയ്യുന്നതിനായി വേർതിരിച്ചിട്ടുള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(ബി) " ക്രിസ്ത്യാനി" എന്നാൽ ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ പുത്രനായി അംഗീകരിക്കുന്നവരും ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ ഉൾപ്പെടുന്നതുമാകുന്നു;

(സി) " സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) " ഇടവക" എന്നാൽ കുടുംബാംഗങ്ങൾക്ക് ആരാധന അർപ്പിക്കുന്നതിനായി ഒരു പള്ളി അല്ലെങ്കിൽ പ്രാർത്ഥനാ ഹാൾ ഉള്ള ക്രിസ്ത്യൻ കുടുംബങ്ങളുടെ ഒരു കൂട്ടായ്മ എന്നർത്ഥമാകുന്നു;

(ഇ) " നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

3. <u>ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം.</u>—(1) ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ അതിന്റെ സെമിത്തേരിയിലോ ഉള്ള ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കുകയോ അവർ തെരഞ്ഞെടുത്ത ഒരു വൈദികനാൽ മറ്റേതെങ്കിലും സ്ഥലത്ത് വച്ചുള്ള ശവസംസ്കാര ശുശ്രൂഷകൾക്ക് വേണ്ടി തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഒരു ഇടവകയിൽ ഉൾപ്പെടുന്ന ഒരു കുടുംബത്തിലെ അംഗം എന്നതിൽ ആ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ആൾക്കാരുടെയും പിൻഗാമികളും ഉൾപ്പെടുന്നതാകുന്നു.

4. <u>ശിക്ഷ.</u>—3-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, ശവം അടക്കം ചെയ്യുന്നത് തടയുകയോ തടയാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

5. <u>കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും രാജിയാക്കാവുന്നതും ആയിരിക്കുമെന്ന്.</u>—ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും മരണപ്പെട്ടയാളിന്റെ കുടുംബാംഗങ്ങൾക്ക് രാജിയാക്കാവുന്നതും ആയിരിക്കുന്നതാണ്.

6. <u>രജിസ്റ്ററുകളുടെ പരിപാലനം.</u>—ഇടവകയിലെ വികാരി 3-ാം വകുപ്പ് പ്രകാരം സെമിത്തേരിയിൽ നടത്തപ്പെട്ട ശവം അടക്കലിനു വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വികാരി അങ്ങനെയുള്ള രജിസ്റ്റർ ഒരു സ്ഥിരമായ രേഖയായി അയാളുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും അയാൾക്ക് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ നിർണ്ണയിക്കപ്പെടാവുന്ന ഫീസ് സ്വീകരിച്ചുകൊണ്ട് ഏതൊരാൾക്കും ഇതിലേയ്ക്കായി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

*വിശദീകരണം.*—"വികാരി" എന്നതിൽ പുരോഹിതൻ, പാസ്റ്റർ അല്ലെങ്കിൽ ശവം അടക്കൽ ആചാരങ്ങൾ നിർവ്വഹിക്കുന്ന ഒരാളും ഉൾപ്പെടുന്നതാകുന്നു.

7. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ഓർഡിനൻസ് (2020-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ ചില സെമിത്തേരികളിൽ മാന്യമായും യഥാസമയത്തുമുള്ള ശവസംസ്കാരം നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാരണത്താൽ മോർച്ചറികളിൽ മൃതദേഹങ്ങൾ അനിശ്ചിതമായി സൂക്ഷിക്കുവാൻ കുടുബാംഗങ്ങൾ നിർബന്ധിതരാകുകയും ആയത് ശവസംസ്കാര ശുശ്രൂഷകളെ ബാധിക്കുന്നതുമാണ്. ഈ സ്ഥിതി തുടർന്നാൽ സാമൂഹികവും മതപരവുമായ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ ഉടലെടുക്കുന്നതിന് കാരണമാവുന്നതാണ്. ആയതിനാൽ, ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ

എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു നിയമനിർമ്മാണം കൊണ്ട് വരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ഓർഡിനൻസ് 2020 ജനുവരി 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 1-ാം നമ്പർ ഓർഡിനൻസായി 2020 ജനുവരി 7-ാം തീയതിയിലെ 59-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2020-ലെ 1-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡം സെമിത്തേരിയിൽ നടത്തപ്പെട്ട ശവം അടക്കലിനു വേണ്ടിയുള്ള ഒരു രജിസ്റ്ററും സർട്ടിഫിക്കറ്റിനുള്ള ഫീസും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചു കൊടുത്ത നിയമ നിർമ്മാണാധികാരം, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പിണറായി വിജയൻ.